# പതിനഞ്ചാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 മേയ് 28, വെള്ളി

**നമ്പർ 3**

നിയമസഭാമന്ദിരത്തിന്റെ പ്രവേശനകവാടത്തിൽ എത്തിയ ഗവർണറെ സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി, നിയമസഭാ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് സ്പീക്കറുടെ വേദിയിലേക്ക് ആനയിച്ചു. ഗവർണറും സ്പീക്കറും അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ ദേശീയ ഗാനം ആലപിക്കപ്പെട്ടു.

9.00 മണിക്ക് നിയമസഭ സമ്മേളിച്ചു.

തുടർന്ന് ഗവർണർ സഭയെ അഭിസംബോധന ചെയ്ത് പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞ് ഗവർണർ ഇരിപ്പിടത്തിനു മുന്നിലെത്തിയപ്പോൾ വീണ്ടും ദേശീയ ഗാനം ആലപിക്കപ്പെട്ടു. ഗവർണറെ യാത്രയാക്കിയ ശേഷം സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളനം തുടർന്നു. സ്പീക്കറുടെ അറിയിപ്പിനെ തുടർന്ന് ഗവർണറുടെ പ്രസംഗത്തിന്റെയും നന്ദിപ്രമേയത്തിന്റെയും പകർപ്പുകൾ അംഗങ്ങൾക്ക് വിതരണം ചെയ്തു. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2021 മേയ് 31-ന് ആരംഭിക്കുന്നതാണെന്നും അംഗങ്ങൾക്ക് 2021 മേയ് 29-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിവരെ നന്ദിപ്രമേയത്തിന്റെ ഭേദഗതികൾക്കുള്ള നോട്ടീസ് സമർപ്പിക്കാവുന്നതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

2021 മേയ് 31-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 11.06-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

KNPP.521/2021 (i).

## FIFTEENTH KERALA LEGISLATIVE ASSEMBLY

First Session

# BULLETIN—PART I

(Brief Record of Proceedings)

*Friday, May 28, 2021*

**No. 3**

The Governor was received at the portico of the Assembly building by the Speaker, the Chief Minister, the Minister for Scheduled Castes, Scheduled Tribes, Backward Classes and Devaswoms, the Legislature Secretary and the Chief Secretary and was led to the dais. When the Governor and the Speaker arrived at their respective positions on the dais, National Anthem was played.

The Assembly met at 9.00 a.m.

The Governor delivered the Address to the Legislative Assembly. After the Address, when the Governor took position in front of his seat, National Anthem was played again. After departure of the Governor, the House met with Mr. Speaker in the Chair. Copies of Governor's Address and Motion of Thanks were distributed to the Members. The Speaker informed the House that the discussion on the Motion of Thanks to Governor's Address would commence from May 31, 2021 and that those Members who presume to give notice of amendments to the Motion of Thanks may do so before 3.00 p.m. on Saturday, May 29, 2021.

The House adjourned at 11.06 a.m. to meet again at 9.00 a.m on Monday, May 31, 2021.

S. V. UNNIKRISHNAN NAIR,

*Secretary.*

KNPP.521/2021(ii).